# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5259

31/10/2016 ൽ മറുപടിയ്ക്ക്

## ക്ഷേമപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും പൊതുജനങ്ങളെ അറിയിക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എം. എം. മണി<br>ശ്രീ. കെ. ദാസൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളേയും വികസന പ്രവർത്തനങ്ങളേയും കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിനും ഇതു സംബന്ധിച്ച് ജനങ്ങളുടെ പ്രതികരണങ്ങൾ സമാഹരിക്കുന്നതിനും ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ; | (എ) | സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളെയും വികസനപ്രവർത്തനങ്ങളെയും കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിന് ജനസമ്പർക്കമേളകൾ, എക്സിബിഷനുകൾ, സെമിനാറുകൾ, ചിത്രപ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ എക്സിബിഷൻ വാഹനങ്ങൾ ഉപയോഗിച്ച് മൊബൈൽ എക്സിബിഷനുകൾ സംഘടിപ്പിച്ചു വരുന്നു. പൊതുജനങ്ങൾക്ക് ദൃശ്യമാകത്തക്ക വിധം വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വീഡിയോവാളുകൾ സ്ഥാപിച്ച് സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളേയും വികസന പ്രവർത്തനങ്ങളേയും കുറിച്ച് പ്രചാരണം ചെയ്തു വരുന്നു. തീയേറ്ററുകൾ, റെയിൽവേ സ്റ്റേഷനുകൾ, കെ.എസ്.ആർ.ടി. സി. ബസുകൾ |

| | | | |
|---|---|---|---|
| | | | എന്നിവയിൽ സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളേയും വികസനപ്രവർത്തനങ്ങളെയും കുറിച്ച് പരസ്യം ചെയ്തു വരുന്നു. |
| (ബ | പ്രസ്തുത വകുപ്പ് പ്രത്യേക പൊതുജന സമ്പർക്ക മേളകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) & (സി) | പൊതുജന സമ്പർക്കമേളകൾ സംഘടിപ്പിക്കുന്നത് ഇപ്പോൾ വകുപ്പിന്റെ പരിഗണനയിൽ ഇല്ല. |
| (സി | ഈ പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിയ്ക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

Rajayam

**സെക്ഷൻ ഓഫീസർ**